# അധികാരവും പ്രതിരോധവും— എം. സുകുമാരന്റെ ചെറുകഥകളിൽ

ആമുഖം

ഇരുപതാംനൂറ്റാണ്ടിലെ സാഹിത്യാദികലകളെക്കുറിച്ചുള്ള വ്യവഹാരങ്ങളിൽ പാശ്ചാത്യർ ഉപയോഗിക്കുന്ന പ്രധാനപദമാണ് 'മോഡേണിസം'. മലയാളത്തിൽ ഇതിനുപകരം വ്യാപകമായ പ്രചാരം നേടിയിരിക്കുന്നത് 'ആധുനികതാവാദം' എന്ന പദമാണ്. ആധുനികതാവാദം മുന്നോട്ടുവച്ച പ്രമേയപരവും രൂപപരവുമായ സവിശേഷതകൾ ഏറ്റവും ശക്തമായി നിലനിന്നിരുന്ന അറുപതുകളുടെ മധ്യത്തോടെയാണ് എം. സുകുമാരൻ എന്ന എഴുത്തുകാരൻ കഥാലോകത്തേക്ക് കടന്നുവരുന്നത്. രാഷ്ട്രീയമായി താൻ ആർജ്ജിച്ച ദർശനങ്ങളെയും ജ്ഞാനങ്ങളെയും സാമൂഹ്യവത്കരിക്കുന്ന പ്രയോഗരൂപമായിരുന്നു സുകുമാരന് ചെറുകഥകൾ. ഇതിന് സഹായകമായ സാഹിത്യസാഹചര്യം ആധുനികത (Modernism)യായിരുന്നെങ്കിൽ രാഷ്ട്രീയസാഹചര്യം ആയിരത്തിത്തൊള്ളായിരത്തി എഴുപതുകളിൽ സജീവമായിരുന്ന തീവ്രവാദപരമായ ഇടതുപക്ഷരാഷ്ട്രീയത്തിന്റേതുമായിരുന്നു. അറുപതുകളിൽ കഥാലോകത്തേയ്ക്ക് കടന്നുവരുകയും 'കഥയിൽ രാഷ്ട്രീയമായ ആധുനികതയ്ക്ക് ജന്മംനൽകുകയും' (2012: 11) ചെയ്ത കഥാകാരനാണെന്ന് സച്ചിദാനന്ദൻ സുകുമാരനെ വിലയിരുത്തിയിട്ടുണ്ട്. ആധുനിക ചെറുകഥ സൃഷ്ടിച്ചെടുത്ത രൂപസവിശേഷതകളെ സ്വാംശീകരിച്ചുകൊണ്ടും അന്നത്തെ ഇടതുപക്ഷരാഷ്ട്രീയത്തിന്റെ അഗാധഘടനകളെ ഉൾക്കൊണ്ടുമുള്ള അവതരണങ്ങളായിരുന്നു സുകുമാരന്റെ കഥകൾ.

സുകുമാരൻ തന്റെ വീക്ഷണങ്ങളും ദർശനങ്ങളും അവതരിപ്പിക്കാനുള്ള മാധ്യമമായി കഥാസാഹിത്യത്തെ സ്വീകരിച്ചു. ചില ഘട്ടങ്ങളിൽ നോവലിലേക്കും നോവലെറ്റിലേക്കും വികസിക്കുന്ന എഴുത്തിടങ്ങളിലൂടെ സുകുമാരന്റെ കഥാലോകം സഞ്ചരിച്ചിരുന്നു. 'ശുക്കമരങ്ങൾ ഞങ്ങൾക്ക്' (1973), 'മരിച്ചിട്ടില്ലാത്തവരുടെ സ്മാരകങ്ങൾ' (1975), 'ചരിത്രഗാഥ' (1976) എന്നീ കൃതികളിലൂടെ മലയാളചെറുകഥാസാഹിത്യരംഗത്ത് കടന്നുവന്നു. 'പാറ' (1970), 'അഴിമുഖം' (1971), 'ശേഷക്രിയ' (1979), 'ജനിതകം' (1994) എന്നീ നോവലുകളും സുകുമാരൻ രചിച്ചിട്ടുണ്ട്. പലപ്പോഴായി എഴുതിയിട്ടുള്ള നോവെല്ലകൾ 'ചുവന്നചിഹ്നങ്ങൾ' (2004) എന്ന സമാഹാരമായി പ്രസിദ്ധീകരിച്ചു. ആയിരത്തിതൊള്ളായിരത്തി അറുപതുകളിൽ കഥയെഴുത്താരംഭിച്ച സുകുമാരൻ 1982-ൽ അതുവരെയുള്ള തന്റെ കഥകളെ സമാഹരിച്ച് പ്രസിദ്ധപ്പെടുത്തിയശേഷം കഥാലോകത്തുനിന്നും പിൻവലിയുന്നു. നീണ്ട പത്തുവർഷത്തെ മൗനത്തിനുശേഷം 1992-ൽ 'പിതൃതർപ്പണം' രചിച്ചു. 1994-ൽ 'ജനിതകം' എന്ന ചെറുനോവൽകൂടി രചിച്ചശേഷം എഴുത്തുജീവിതത്തിൽനിന്നും മാറി നിൽക്കുന്ന കഥാകാരനായി എം. സുകുമാരൻ ജീവിച്ചു. താൻ വിശ്വസിക്കുന്ന പ്രത്യയശാസ്ത്ര സമഗ്രതയെ പ്രായോഗികതയിലെത്തിക്കാൻ കഴിയാത്ത സംഘർഷാവസ്ഥകളാണ് എഴുത്തുജീവിതം നിർത്തി മൗനമവലംബിക്കുന്ന സുകുമാരന്റെ രാഷ്ട്രീയത്തിനു പിന്നിലുള്ളത്. ആധിപത്യത്തിലേയ്ക്ക് മാത്രം ചുരുങ്ങുന്ന അധികാരവ്യവസ്ഥിതികളോടുള്ള കലഹമാണ് സുകുമാരന്റെ കഥകളിലുള്ളത്. അധികാരത്തെ പ്രതിരോധിക്കാനുള്ള ആവിഷ്കാര മാധ്യമമായി കഥാസാഹിത്യത്തെ സ്വീകരിച്ച ഈ എഴുത്തുകാരൻതന്നെ പിന്നീട് എഴുത്ത് നിർത്തി മൗനം അവലംബിക്കുന്നത് കാണാം.മൗനത്തെ മറ്റൊരു രാഷ്ട്രീയാനുഭവമാക്കി മാറ്റുകയായിരുന്ന എം.സുകുമാരന്റെ കഥകളിലെ അധികാര-പ്രതിരോധബോധത്തെ അവലോകനം ചെയ്യുകയാണിവിടെ.

### എം. സുകുമാരന്റെ കഥാസന്ദർഭം

ഇരുപതാംനൂറ്റാണ്ടിന്റെ സാഹിത്യവികാസവും സാമൂഹിക പരിവർത്തനവും തമ്മിൽ പരസ്പരാശ്രിതമായ ബന്ധമാണുള്ളത്. സാഹിത്യം സാമൂഹികമാറ്റത്തെ ത്വരിപ്പിക്കാനുള്ള ഉപാധിയാകുകയും അതേസമയം തന്നെ മാറുന്ന സമൂഹത്തിന്റെ ചലനങ്ങൾ സാഹിത്യവിഷയമാകുകയും ചെയ്യുന്ന ദ്വന്ദ്വാത്മകബന്ധമാണത്. അധിനിവേശത്തിന്റെ ഭാഗമായെത്തിയ ആധുനികത (Modernity)യാണ്

അതിന്റെ ആശയപരിസരം രൂപീകരിച്ചത്. മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളിലും കാലക്രമേണ സംഭവിച്ച മാറ്റത്തിന്റെ ഒരു ചരിത്രഘട്ടത്തെയാണ് ആധുനികത (Modernity) അടയാളപ്പെടുത്തുന്നത്. യൂറോപ്യൻനാട്ടുകളിൽ ആദ്യം ദൃശ്യമായ മാറ്റം പിന്നീട് കൊളോണിയലിസത്തിന്റെയും വിജ്ഞാനവ്യാപനത്തിന്റെയും ഫലമായി ലോകമെമ്പാടും വ്യാപരിച്ചു. വിഭിന്ന ദേശങ്ങളിൽ വ്യത്യസ്ത കാലഘട്ടങ്ങളിലായാണ് അതിന്റെ വ്യാപനം. കൊളോണിയലിസത്തിന്റെ ഫലമായുണ്ടായ പാശ്ചാത്യവൽക്കരണം, മിഷണറിപ്രവർത്തനങ്ങളുടെ ഫലമായുണ്ടായ വിദ്യാഭ്യാസവ്യാപനം, സമൂഹത്തിലെ സമ്പദ്ഘടനയിൽവന്ന മാറ്റം, അസമത്വത്തിനും അസ്വാതന്ത്ര്യത്തിനുമെതിരെ ഉയർന്ന സംഘടനാവബോധം തുടങ്ങിയവയെല്ലാം ചേർന്ന ജ്ഞാനപരിസരമാണ് കേരളത്തിലെ ആധുനികാവബോധത്തിന് കാരണമായത്. ഇതിന്റെ തുടർച്ചയായ ശാസ്ത്ര-സാങ്കേതിക-വ്യവസായമേഖലകളിൽ ദ്രുതഗതിയിലുള്ള വികാസം സംഭവിച്ചു. നിരവധിയാളുകൾക്ക് സ്വദേശം വിട്ട് പ്രവാസജീവിതം തെരഞ്ഞെടുക്കേണ്ടതായിവന്നു. കാലഘട്ടത്തിന്റെ സ്വാധീനങ്ങൾ സമൂഹത്തിലെ ആധുനികമനുഷ്യനെയെന്നപോലെ ആധുനിക എഴുത്തുകാരനെയും ബാധിച്ചു. ഉപജീവനാർത്ഥം മറുനാടൻ മഹാനഗരങ്ങളിലെത്തിപ്പെട്ട ഗ്രാമീണയുവാക്കൾക്കുണ്ടായ അന്യവൽക്കരണവും സ്വത്വനഷ്ടവും അസ്തിത്വവേദനയുമൊക്കെ കഥാസാഹിത്യത്തിലെ മുഖ്യപ്രമേയങ്ങളായി. ആയിരത്തിതൊള്ളായിരത്തി അറുപതുകളോടെയാണ് ഇത്തരത്തിലൊരു ആധുനികതാ (Modernism) ദർശനം മലയാളകഥാസാഹിത്യത്തിൽ പ്രകടമാകുന്നത്. മനുഷ്യന്റെ ഒറ്റപ്പെടലും അവന്റെ അന്യവൽക്കരണവും ആധുനികതയുടെ ദർശനത്തിന്റെ ഭാഗമായിവന്നു. ഈ ജീവിതാവസ്ഥകളെ വ്യത്യസ്തരീതികളിലൂടെ അവതരിപ്പിക്കുകയാണ് ആധുനികരായ എഴുത്തുകാർ ചെയ്തത്.

ഒ.വി. വിജയൻ, എം. മുകുന്ദൻ, കാക്കനാടൻ, പത്മരാജൻ തുടങ്ങിയവരെല്ലാം ഈ സാഹിത്യഭാവുകത്വത്തെ ഒരു പ്രസ്ഥാനമായി വളർത്തിയെടുത്തു. ഈ കാലയളവിൽ പ്രചരിച്ച സാമൂഹികമായ നിഷ്ഫലത, പ്രതിബദ്ധതയില്ലായ്മ, അസ്തിത്വവാദം തുടങ്ങിയവയ്ക്കെതിരെ തന്റേതായ നിലപാടെടുത്ത കഥാകൃത്താണ് എം. സുകുമാരൻ. ആധുനികതയുടെ തുടർച്ചയും വികാസവുമായിരിക്കുമ്പോൾത്തന്നെ സുകുമാരന്റെ കഥകൾ സാമൂഹ്യയാഥാർത്ഥ്യപ്രതിപാദകങ്ങളായിരുന്നു. അന്നുവരെ തുടർന്നുവന്നിരുന്ന രചനാരീതിയിൽനിന്ന് വ്യത്യസ്തമായ

ദർശനവും സങ്കേതവുമാവിഷ്കരിച്ചുകൊണ്ടുള്ള കഥകളിലൂടെയാണ് എം. സുകുമാരൻ വ്യക്തിത്വം സ്ഥാപിച്ചത്.

കഥാഭൂമിക: സാമാന്യാവലോകനം

ആയിരത്തിത്തൊള്ളായിരത്തി അറുപതുകളിൽ കഥാലോകത്തേക്ക് കടന്നുവന്ന എം. സുകുമാരന്റെ ആദ്യകാല ചെറുകഥകൾ നിസ്സഹായരായ മനുഷ്യരുടെ നിലവിളികളും മൗനങ്ങളും നിറഞ്ഞവയായിരുന്നു. പിന്നീടുള്ള ചെറുകഥകൾ രാഷ്ട്രീയബോധം ഉൾക്കൊണ്ട് വ്യക്തമായ രാഷ്ട്രീയകാഴ്ചപ്പാടുകളിലൂടെ രചിച്ചവയായിരുന്നു. വിശ്വസിച്ച പ്രത്യയശാസ്ത്രങ്ങളുടെ തകർച്ചയും അത് സൃഷ്ടിച്ച നിരാശാബോധവുമായിരുന്നു തുടർന്നുള്ള ചെറുകഥകളിൽ നിഴലിച്ചിരുന്നത്. തന്റെ വീക്ഷണങ്ങളും ദർശനങ്ങളും അവതരിപ്പിക്കാനുള്ള മാധ്യമമായി ചെറുകഥകളെ സ്വീകരിക്കുമ്പോഴും ചില ഘട്ടങ്ങളിൽ നോവലിലേക്കും നോവലെറ്റിലേക്കും വികസിക്കുന്ന എഴുത്തിടങ്ങളിലൂടെ സുകുമാരന്റെ കഥാലോകം സഞ്ചരിച്ചിരുന്നു.

'പാറ', 'അഴിമുഖം', 'ശേഷക്രിയ', 'ജനിതകം' എന്നീ നാല് നോവലുകളാണ് സുകുമാരൻ രചിച്ചിട്ടുള്ളത്. ഐക്യകേരളരൂപീകരണം, ഇ.എം.എസ്. മന്ത്രിസഭയുടെ പിറവിയും പതനവും, കമ്യൂണിസ്റ്റ് പാർട്ടിയുടെ പിളർപ്പ്, നിരവധി തൊഴിലാളിസമരങ്ങൾ, അടിയന്തരാവസ്ഥ എന്നീ രാഷ്ട്രീയപരിസരങ്ങളാണ് സുകുമാരന്റെ നോവലുകളുടെ സാമൂഹികരാഷ്ട്രീയ പശ്ചാത്തലം.

സുകുമാരന്റെ നോവലുകളിലെല്ലാം തൊഴിലാളിയുടെ ജീവിതാവസ്ഥകളെയാണ് ആഖ്യാനം ചെയ്തിരിക്കുന്നത്. ഉദ്യോഗസ്ഥലോകം അനുഭവിക്കുന്ന സങ്കീർണ്ണതകളും സംഘർഷങ്ങളുമാണ് വാസു (പാറ)വിലൂടെയും വാസന്തി (അഴിമുഖം)യിലൂടെയും കുഞ്ഞയ്യപ്പനി (ശേഷക്രിയ)ലൂടെയും ഗോകുലൻ, ഭാസ്കരൻനായർ (ജനിതകം) എന്നിവരിലൂടെയും ആവിഷ്കരിച്ചിരിക്കുന്നത്. അധികാരപ്രയോഗങ്ങളിലൂടെ ജീവിതത്തിന്റെ ഗതിതന്നെ മാറിപ്പോകുന്ന മനുഷ്യരാണ് ഈ നോവലുകളിൽ നിറയുന്നത്.

കീഴുദ്യോഗസ്ഥർ മേലുദ്യോഗസ്ഥരെ അനുസരിക്കണമെന്നുള്ള ഡയറക്ടറുടെ ഉപദേശത്തിൽ അപാകതയുള്ളതായി ആദ്യഘട്ടത്തിൽ ശിപായിയായ വാസുവിന് തോന്നുന്നില്ല. മേലുദ്യോഗസ്ഥർക്ക് കാപ്പി വാങ്ങിക്കൊണ്ടുവരലും കത്ത് പോസ്റ്റുചെയ്യലും തന്റെ കർത്തവ്യങ്ങളാണെന്ന് വന്നതോടെ വാസുവിന്റെ അഭിമാനത്തിന് പോറലേൽക്കുന്നു.

വെള്ളക്കാരൻ മേലുദ്യോഗസ്ഥനായിരുന്നപ്പോൾ ഇന്ത്യാക്കാരനായ ശിപായി ചെയ്യേണ്ടിവന്ന വിടുപണികളുടെ തുടർച്ചയാണിത്. തൊഴിൽ വിഭജനം ജാതിവിഭജനമായ ഫ്യൂഡൽകാല മൂല്യങ്ങളെത്തന്നെയാണ് സ്വതന്ത്ര ഇന്ത്യയിലെ ഉദ്യോഗരംഗം അബോധത്തിൽ ആവാഹിച്ചെടുത്തത്. 'ശേഷക്രിയ'യിലും ജാതിയെ പ്രധാനപ്രശ്നമായി അധികാരസമൂഹം കാണുന്നു. കുഞ്ഞയ്യപ്പൻ എന്ന ഹരിജനായ തൊഴിലാളിയുടെ സത്യസന്ധതയും കൃത്യനിഷ്ഠതയും വിപ്ലവപാർട്ടിയോടുള്ള ആഭിമുഖ്യവും ഒന്നും അയാളെ പിന്തുണയ്ക്കുന്നില്ല. കാരണം ബോധിപ്പിക്കാതെയുള്ള പിരിച്ചുവിടൽ നോട്ടീസ് മാത്രം ഒരുത്തരമായി പ്രത്യക്ഷപ്പെടുമ്പോൾ പ്രത്യയശാസ്ത്രങ്ങളോടുള്ള വിശ്വാസത്തകർച്ചയും നിരാശയും എല്ലാം ചേർന്ന് ഒരു തൊഴിലാളിയുടെ ആത്മഹത്യയിലേക്ക് നീളുന്ന ദുരന്തമായി 'ശേഷക്രിയ' അവസാനിക്കുന്നു.

അധികാരവർഗത്തിന്റെ ചൂതാട്ടങ്ങളുടെ തുടർച്ചതന്നെയാണ് 'അഴിമുഖ'ത്തിലും പ്രതിഫലിക്കുന്നത്. ഡയറക്ടർ ചായവരുത്തിച്ചതാണ് വാസുവിന് അപമാനം എങ്കിൽ, ഉദ്യോഗസ്ഥയായ വാസന്തിയുടെ അഭിമാനവും അപമാനവും അവളുടെ ലൈംഗികതയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഓഫീസറുടെ ലൈംഗികാക്രമണങ്ങളെ അവൾ ചെറുത്തുനിന്നു. എന്നാൽ ബ്യൂറോക്രസിയുടെ ശക്തിയോടേറ്റുമുട്ടി അവൾ പരാജയപ്പെടുന്നു. ഇത്തരത്തിൽ പരാജയങ്ങളേറ്റു വാങ്ങുന്ന ഉദ്യോഗസ്ഥലോകത്തെ 'പാറ'യിലും കാണാവുന്നതാണ്. കസേരയിൽ ഇരുന്നതിന് മൂന്ന് വർഷത്തെ ഇൻക്രിമെന്റ് കട്ടുചെയ്യപ്പെട്ട ശിപായി രാമനാഥൻ, 'നമ്മള് എന്നും ശിപായിമാര് തന്നെ' എന്നു നെടുവീർപ്പിടുന്ന ശങ്കരപ്പിള്ള, മറ്റുള്ളവരുടെ താളത്തിന് തുള്ളേണ്ടി വരുന്ന നശിച്ച പണിയെ ശപിക്കുന്ന ഡ്രൈവർ, ആർക്കുമുന്നിലും തലകുനിക്കാത്തതിനാൽ പ്രമോഷൻ നിഷേധിക്കപ്പെട്ട ജനാർദനൻനായർ, അവസരോചിതമായി പെരുമാറി പ്രമോഷൻ നേടിയെടുക്കുന്ന അസോസിയേഷൻ പ്രസിഡണ്ട്, ഭർത്താവിന്റെ പ്രമോഷന് മേലുദ്യോഗസ്ഥന് ശരീരം നൽകുന്നവർ എന്നിങ്ങനെ വാസു കണ്ടുമുട്ടുന്ന ഉദ്യോഗസ്ഥലോകം വളരെ സങ്കീർണ്ണമാണ്. ഔദ്യോഗികമായ വിലാസം മാത്രമാണിവരുടെ സ്വത്വമെന്ന അവസ്ഥയാണ് നോവലിലുടനീളമുള്ള അസ്വസ്ഥതയായി രൂപപ്പെടുന്നതെന്ന് കാണാം.

'ശേഷക്രിയ'യിലെ കുഞ്ഞയ്യപ്പനും, 'പിതൃതർപ്പണ'ത്തിലെ വേണുകുമാരമേനോനും ആത്മഹത്യയിൽ അഭയം തേടുന്നു. എന്നാൽ 'ജനിതക'ത്തിലെ കവിയും വിപ്ലവമനസ്സുള്ളവനുമായ ഗോകുലൻ

പ്രത്യാശയുടെ പാത പിന്തുടരാൻ തീരുമാനിക്കുകയാണ്. 'പാറ'യും ശുഭപ്രതീക്ഷ നൽകിക്കൊണ്ടാണ് അവസാനിക്കുന്നത്. ജോലിയിൽനിന്നും പിരിച്ചുവിടപ്പെട്ട വാസു സ്വന്തം മണ്ണിലേക്ക് തിരിച്ചെത്തുന്നു. അയാൾ മണ്ണിലേയ്ക്കിറങ്ങി കയ്ക്കോട്ട് ആഴത്തിലമർത്തുമ്പോൾ ജീവചൈതന്യമായ ജലം പുറത്തേയ്ക്കൊഴുകുന്നു. ജൈവികമായ ഈ കുതിപ്പിനെ തടയുന്ന 'പാറ'കളെ തകർക്കാൻ അയാൾക്കിപ്പോൾ കരുത്തുണ്ട്.

'ചുവന്ന ചിഹ്നങ്ങൾ' എന്ന നോവെല്ലാ സമാഹാരത്തിലും അധികാരസങ്കീർണ്ണതകളെയാണ് അവതരിപ്പിച്ചിരിക്കുന്നത്. 'ആശ്രിതരുടെ ആകാശ'ത്തിലേയും 'അനയായി'യിലേയും 'ചക്കുകാള'യിലേയും 'കുഞ്ഞപ്പുവിന്റെ ദുഃസ്വപ്നങ്ങളി'ലേയും 'ശുദ്ധവായു'വിലേയും തൊഴിലാളി ജീവിതങ്ങൾ നേരിടുന്ന മുതലാളിത്ത വ്യവസ്ഥിതിയുടെ ആധിപത്യമുറകളും അടിച്ചമർത്തലുകളുമാണ് പ്രതിപാദിക്കുന്നത്. "മുതലാളിയുണ്ടെങ്കിലേ നിനക്ക് നിലനില്പുള്ളൂ. കച്ചവടം നിലച്ചാൽ നീ തുലയും. കഠിനമായി അദ്ധ്വാനിക്കണം. കർമ്മത്തിലാണ് നീ വിശ്വസിക്കേണ്ടത്. പ്രതിഫലത്തിലല്ല. കളവു പറയരുത്, മദ്യപിക്കരുത്, വ്യഭിചരിക്കരുത്." (ആശ്രിതരുടെ ആകാശം, 2004: 11).

അധികാരം, ജാതി, വിശ്വാസം, ആത്മഹത്യ തുടങ്ങി നിരവധി തലങ്ങൾ ഉയർത്തുന്ന രാഷ്ട്രീയ പ്രശ്നങ്ങളാണ് സുകുമാരന്റെ കഥാലോകത്തിൽ നിറഞ്ഞുനിൽക്കുന്നത്. ചെറുകഥയുടെ ആഖ്യാനശില്പത്തിലൊതുങ്ങാതെ വരുമ്പോൾ നോവലിന്റെയും നോവലെറ്റിന്റെയും ആഖ്യാനസാധ്യതകളെ ഉപയോഗപ്പെടുത്തുന്ന രീതിയും സുകുമാരന്റെ കഥാലോകത്തിൽ പ്രകടമാകുന്നു.

### അധികാര-പ്രതിരോധ ആവിഷ്കാരങ്ങൾ

അധികാരം എന്നും എക്കാലത്തും സമാനസ്വഭാവം നിലനിർത്തുന്ന കാഴ്ചയാണ് സുകുമാരന്റെ കഥകളിൽ നിറയുന്നത്. ചൂഷണം നടത്തിയും അടിമയാക്കിയും സ്വന്തം താല്പര്യം സംരക്ഷിച്ചുമാണ് അധികാരവ്യവസ്ഥ നിലനിൽക്കുന്നത്. സ്വന്തം സുഖഭോഗങ്ങൾ വർദ്ധിപ്പിക്കുന്നതിൽ മാത്രമാണ് അധികാരം കേന്ദ്രീകരിക്കുന്നതെന്ന് തുറന്നുപറയുകയാണ് സുകുമാരന്റെ കഥാലോകം.

മാനവചരിത്രത്തെ വിവിധഘട്ടങ്ങളിലൂടെ അവതരിപ്പിക്കുന്ന ചരിത്രഗാഥയിൽ കീഴടങ്ങലും വിധേയത്വവും അടിമത്തവും ചരിത്രത്തിന്റെ എല്ലാ ഘട്ടങ്ങളിലും സാമൂഹ്യജീവിതത്തെ സ്വാധീനിച്ചിട്ടുണ്ടെന്ന്

വ്യക്തമാകുന്നു. 'ചരിത്രഗാഥ', 'ഭരണകൂടം' എന്നീ കഥകളെ ഉദാഹരിച്ച് ഇത് വ്യക്തമാക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

വിശ്വരൂപൻ, പ്രിയഗുപ്തൻ എന്നീ കഥാപാത്രങ്ങൾ അധികാരം, അടിമത്തം എന്നീ മനുഷ്യാവസ്ഥയുടെ പ്രതിനിധാനങ്ങളാണ്. ചൂഷണം/അദ്ധ്വാനം, ഉടമ/അടിമ, ആധിപത്യം നടത്തുന്ന ന്യൂനപക്ഷം/വിധേയത്വമുള്ള ഭൂരിപക്ഷം, വിയർക്കാതെയും വിതയ്ക്കാതെയും ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നവർ/വിതച്ചിട്ടും അദ്ധ്വാനിച്ചിട്ടും വേണ്ട പ്രതിഫലം ലഭിക്കാത്തവർ ഇങ്ങനെയുള്ള വ്യത്യസ്ത സ്വഭാവസവിശേഷതകളുടെ പ്രതിനിധാനമാണ് പ്രിയഗുപ്തനും വിശ്വരൂപനും. ഉടമ നിയന്ത്രിക്കേണ്ടവനും അധികാരം സ്ഥാപിക്കേണ്ടവനുമാണെന്നും താൻ അടിമയും മറ്റുള്ളവരുടെ സൗജന്യത്തിൽ കഴിയേണ്ടവനാണെന്നും വിശ്വസിക്കുന്ന വ്യക്തിയും സമൂഹവും എക്കാലത്തും മാനസിക അടിമത്തത്തിൽ നിലകൊള്ളുന്നവരാണ്. മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന ഉടമ/അടിമ ബോധത്തെ അനാവരണം ചെയ്യുന്നു ഈ കഥ.

അടിമത്തബോധവും വിധേയത്വവും അധികാരവ്യവസ്ഥയെ നിലനിർത്തുന്ന ഘടകങ്ങളാണ്. അടിമബോധം ഉള്ളവൻ അനുസരിക്കുന്നതിൽ ആനന്ദം കണ്ടെത്തുന്നവരായിരിക്കും. അതുകൊണ്ടുതന്നെ തങ്ങളെ സംരക്ഷിക്കേണ്ടവരും തങ്ങൾക്ക് ദിശാബോധം നൽകേണ്ടവരും തങ്ങളെ ഭരിക്കുന്നവരാണെന്നും അവരോടുള്ള അനുസരണം ജീവിതത്തിന്റെ സ്വാഭാവിക കർമ്മമാണെന്നും ഇത്തരം വ്യക്തിത്വങ്ങൾ ഉൾക്കൊള്ളുന്നു. ഈ കഥയിൽ, പ്രിയഗുപ്തനും കൂട്ടരും തങ്ങൾ ആധിപത്യത്തിന് ശ്രമിക്കുന്നവരുടെ അടിമകൾ ആണെന്നും അനുസരിക്കുന്നവരാണെന്നും അവർക്ക് വഴങ്ങുന്നവരാണെന്നും സ്വയം അംഗീകരിക്കുന്നു. അതുതന്നെയാണ് വിശ്വരൂപന് ബലം നൽകുന്നത്. പിന്നീട് പ്രതിരോധത്തിലൂടെ അതിജീവിച്ച് സ്വയം വിമോചിതരാവാൻ ശ്രമിക്കുന്ന പ്രിയഗുപ്തനെയും കൂട്ടുകാരെയും കഥാകൃത്ത് അവതരിപ്പിക്കുന്നതിലൂടെ മനുഷ്യരാശിയുടെ സ്വാതന്ത്ര്യത്തിനും വികാസത്തിനുംവേണ്ടിനിലകൊള്ളുന്ന സർഗാത്മക വ്യക്തിത്വത്തെയാണ് പ്രത്യക്ഷീകരിക്കുന്നത്. വ്യക്തിയോ സമൂഹമോ തിരിച്ചറിയാൻ വൈകുന്ന, അവനിൽ കടന്നുകൂടുന്ന വിധേയത്വത്തിന്റെയും അടിമവൽക്കരണത്തിന്റെയും സൂക്ഷ്മസ്വഭാവത്തെയും അതിന്മേൽ അധികാരം മേൽക്കോയ്മ സ്ഥാപിക്കുന്നതിന്റെയും വിശദാംശങ്ങൾ 'ചരിത്രഗാഥ' തുറന്നുകാണിക്കുന്നു.

'ഭരണകൂടം' എന്ന കഥയിൽ അവതരിപ്പിക്കുന്ന രാജാവ്, ഭരണകൂടം സ്ഥാപിക്കുന്ന നിഗൂഢാധികാരത്തിന്റെ പ്രതിനിധാനമാണ്. രാജകുമാരനായ ശശാങ്കനും ആട്ടിടയനായ ഗോകുലനും സർഗാത്മകമൂല്യവ്യക്തിത്വത്തെയും സ്വാതന്ത്ര്യബോധത്തെയുമാണ് പ്രതിനിധീകരിക്കുന്നത്. പുല്ലും വെള്ളവും ഉപയോഗിക്കാനുള്ള അനുവാദം നൽകുന്നതിലൂടെ ഗ്രാമാധിപൻ നാട്ടുകാരുടെമേൽ തന്റെ അധികാരം കൗശലപൂർവ്വം പ്രഖ്യാപിക്കുന്നു. പൂജാരിയെത്തന്നെ ന്യായാധിപനാക്കുന്നതിലൂടെ മതവും ഭരണകൂടവും തമ്മിലുള്ള സഹകരണംകൂടി കഥാകൃത്ത് സൂചിപ്പിക്കുന്നു അധികാരം നിലനിർത്താൻവേണ്ടി ഭരണകൂടം എത്രത്തോളം മനുഷ്യത്വവിരുദ്ധവും ക്രൂരവുമായ നയങ്ങളാണ് നടപ്പിലാക്കുന്നതെന്ന് യുവാവായ ശശാങ്കന്റെ അനുഭവങ്ങളിലൂടെ അനാവൃതമാവുന്നു.

തോക്കുകൾ തുടച്ച് വൃത്തിയായി സൂക്ഷിച്ചുവെക്കുന്ന രാജാവിനെയാണ് കഥാരംഭത്തിൽ അവതരിപ്പിക്കുന്നത്. നിഗൂഢവൽക്കരിച്ചും ആയുധവൽക്കരിച്ചും ഭയപ്പെടുത്തിയുമാണ് എക്കാലവും ഭരണകൂടത്തെ അധികാരിവർഗം നിലനിർത്തിയതെന്ന് ഈ പാഠത്തിൽ വായിച്ചെടുക്കാം. 'ഭരണകൂടം, പ്രത്യയശാസ്ത്രം, മതം തുടങ്ങിയവ സ്വയം വെളിപ്പെടാതെ ആധിപത്യം ചെലുത്തുമ്പോൾ അധികാരം നിഗൂഢമായി സ്ഥാപിക്കുകയാണ് ചെയ്യുന്നത്' (2001: 147) എന്ന് പി.എം. ഗിരീഷ് അധികാരത്തെയും ഭാഷയെയും കുറിച്ചുള്ള ചർച്ചയിൽ അഭിപ്രായപ്പെടുന്നുണ്ട്.

നിഗൂഢതയും ഭയവും നിറഞ്ഞ ഈ കൊട്ടാരം വേണ്ട എന്ന് ശശാങ്കൻ പറയുമ്പോൾ രാജാവിന്റെ മറുപടി 'അനുസരണയുടെ ശ്വാനന്മാർ എന്നും നമുക്കു ചുറ്റും കാൽനക്കിയും വാലിളക്കിയും നിൽക്കും. ഈ തോക്കുകളെ നാം ഭദ്രമായി സൂക്ഷിക്കണം. ഇതിന്റെ കുഴലിനകത്തെ ചൂടാറാത്ത പുകയാണ് നമ്മുടെ അധികാരം' (2012:167). അന്യനിൽ ഉണ്ടാക്കുന്ന ഭയത്തിന്റെയും വിധേയത്വത്തിന്റെയും അനുസരണത്തിലൂടെയുമാണ് അധികാരം സുരക്ഷിതമാവുന്നത്.

തോക്കും ഓടക്കുഴലും ഈ കഥയിലെ കേന്ദ്രസൂചകങ്ങളായി കടന്നുവരുന്നു. തോക്ക് അധികാരത്തെ കുറിക്കുമ്പോൾ, ഓടക്കുഴൽ സ്വാതന്ത്ര്യം, സർഗാഹ്ലാദം, ശാന്തി എന്നിവയുടെ ചിഹ്നമാകുന്നു. തന്റെ ഓടക്കുഴൽ ശശാങ്കനുകൊടുത്ത് പകരമായി ഗോകുലൻ വാങ്ങിയ തോക്ക് ജനങ്ങളിലെത്തുന്നതോടെ അതവരുടെ ഇച്ഛയുടെ തന്നെ ഒരു വിപുലനമായി മാറുന്നു. അതോടെ തടവറകൾ തകരുന്നു. ശശാങ്കൻ അച്ഛന്റെ പത്തുതോക്കുകൾ കൂടി ജനങ്ങൾക്കു നൽകി ഓടക്കുഴൽ

വായനയിൽ മുഴുകുന്നു. ഗോകുലൻ ഓടക്കുഴലിനു പകരം തോക്കു വാങ്ങുമ്പോൾ തന്റെ ശാന്തജീവിതത്തിന്റെ ആനന്ദം ശശാങ്കനുനൽകി പകരം അധികാരം പ്രതീകാത്മകമായി ഏറ്റുവാങ്ങുകയാണ് ചെയ്തത്. ആ അധികാരം ജനങ്ങളിലേക്ക് പകരുന്നതോടെ അത് അധികാരമെന്ന സ്വഭാവം കൈവെടിഞ്ഞ് സ്വാതന്ത്ര്യം തന്നെയായി മാറുന്നു. ശശാങ്കന്റെ ചുണ്ടിലൂടെ ഒടുവിൽ ഒഴുകിവീഴുന്നത് ആ സ്വാതന്ത്ര്യത്തിന്റെ സംഗീതമാണ്. നാടുവാഴിയായ പിതാവ് ദുഃഖത്താൽ മരിക്കുകയും ന്യായാധിപനും കാവൽമുഖ്യന്മാരും ഭഗ്നാശരാവുകയും ചെയ്യുമ്പോഴും ശശാങ്കന് മുരളീഗാനത്തിൽ മുഴുകാൻ കഴിയുന്നത് അയാൾ തന്റെ സ്വാതന്ത്ര്യം സ്വന്തം ഉള്ളിൽത്തന്നെ കൊണ്ടുനടക്കുന്നതുകൊണ്ടാണ്. വിപ്ലവമുഹൂർത്തത്തിൽ തോക്കും ഓടക്കുഴലും പരസ്പരവിരുദ്ധങ്ങളല്ല, പരസ്പരപൂരകങ്ങളാണ്. തോക്ക് ജനതയ്ക്കെതിരായ ഭരണകൂടോപകരണമായിരിക്കുമ്പോഴാണ് ഓടക്കുഴൽ അതിനെതിരായിരിക്കുന്നത്.

അധികാരബോധങ്ങളിലെ ഉൾക്കാഴ്ചകളാണ് സുകുമാരന്റെ കഥകൾ അവതരിപ്പിക്കുന്നത്. വിഭിന്ന ഭാവങ്ങൾ പ്രകടിപ്പിക്കുന്ന അധികാരശക്തികളുടെ ചരിത്രഗാഥയായിത്തീരുന്നു ഈ കഥകൾ. ആധിപത്യത്തിലേയ്ക്കുമാത്രം ചുരുങ്ങുന്ന അധികാരസങ്കല്പങ്ങളാണ്, 'സിംഹ'ത്തിലും 'അന്നന്നത്തെ അത്താഴ'ത്തിലും 'ജലജീവികളുടെ രോദന'ത്തിലും 'സിംഹാസനങ്ങളിൽ തുരുമ്പ്' തുടങ്ങി സുകുമാരന്റെ കഥകളിലെല്ലാം നിറയുന്നത്.

അധികാരലോപംവന്ന ബ്യൂറോക്രാറ്റായ 'സിംഹ'ത്തിലെ ഗോവിന്ദൻനായർക്ക് സ്വന്തം അധികാരത്തിന്റെ പ്രതാപനഷ്ടമാണ് ഏറ്റവും വലിയ ദുഃഖമായി മാറുന്നത്. അധികാരത്തിന്റെ പ്രശ്നം സംഘടനയുടെ അപചയവുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കുന്ന കഥകളാണ്. 'കുറ്റപത്രത്തിന് മറുപടി', 'കല്പവൃക്ഷത്തിന്റെ ഇല' തുടങ്ങിയ കഥകൾ. അധികാരപ്രശ്നങ്ങൾ കുടുംബബന്ധങ്ങളിലേല്പിക്കുന്ന പോറലുകളാണ് 'ഇനിയുറങ്ങാം', 'ആശ്രിതരുടെ ആകാശം' എന്നീ കഥകൾ. ഭർത്താവിന്റെ ഉദ്യോഗവും അതു നിലനിർത്തുന്നതിനായി മേലുദ്യോഗസ്ഥന് ശരീരം വിൽക്കേണ്ടിവരുന്ന സ്ത്രീ ജീവിതങ്ങളെയുമാണ് ഇവിടെ അവതരിപ്പിക്കുന്നത്. പുരുഷാധികാരവ്യവസ്ഥ ചൂഷണം ചെയ്യുന്ന സ്ത്രീജീവിതങ്ങളിലൂടെ ലൈംഗികതയുടെ രാഷ്ട്രീയത്തെ അതിശക്തമായി സുകുമാരൻ ആവിഷ്കരിച്ചിരിക്കുന്നു. 'വേപ്പിൻപഴങ്ങളി'ലെ 'ഊമയായ പെൺകുട്ടി', 'മനക്കണക്ക്', 'രഥോത്സവം', 'നക്ഷത്രരശ്മി' തുടങ്ങിയ നിരവധി കഥകളിലൂടെ അധികാരം അടിച്ചമർത്തുന്ന ലൈംഗികതയുടെ ഭാവതലങ്ങളെ അവതരിപ്പിച്ചിരിക്കുന്നു. 'ചരിത്രഗാഥ',

‘സംഘഗാനം’, ‘വിചാരണയ്ക്കുമുമ്പ്’, ‘അയൽരാജാവ്’, ‘ഭരണകൂടം’, ‘സിംഹാസനങ്ങളിൽ തുരുമ്പ്’ തുടങ്ങിയ കഥകളിൽ അധികാരത്തെ അന്യാപദേശങ്ങളിലൂടെ അവതരിപ്പിച്ചുകൊണ്ട് മധ്യവർഗത്തിന്റെ വിമോചനഗാഥകൾ രചിക്കുന്നു. ഭരണകൂടവും മറ്റ് അധികാരസ്ഥാപനങ്ങളും നീതിനിർവ്വഹണത്തിൽ പരാജയപ്പെടുന്നതിനെക്കുറിച്ചുള്ള ഈ കഥകളിൽ പലതിലും നീതിപീഠം തന്നെയാണ് മനുഷ്യവിരുദ്ധമായ അധികാരകേന്ദ്രമായി കല്പിക്കപ്പെടുന്നത്. ഉദ്യോഗക്കയറ്റം കിട്ടാൻ ഭാര്യയെ മേലുദ്യോഗസ്ഥർക്ക് കാഴ്ചവെയ്ക്കുന്ന ‘ഇനിയുറങ്ങാം’പോലുള്ള ആദ്യകാലരചനകൾക്കുശേഷം അധികാരവിമർശനത്തിനുള്ള ഒരുപായമായി ബ്യൂറോക്രസി നേരിട്ടുകടന്നുവരുന്ന സുകുമാരന്റെ കഥകൾ, ‘കുറ്റപത്രത്തിനു മറുപടി’, ‘കൽപവൃക്ഷത്തിന്റെ ഇല’, ‘അന്നന്നത്തെ അത്താഴം’, ‘സിംഹം’, ‘ജലജീവികളുടെ രോദനം’ തുടങ്ങിയവയാണ്. ചുരുക്കത്തിൽ, അധികാരം മുന്നോട്ടുവയ്ക്കുന്ന സംഘർഷഭൂമികയാണ് എം. സുകുമാരന്റെ കഥകൾക്ക് ചുറ്റുമതിലുകൾ സൃഷ്ടിച്ചിരിക്കുന്നത്.

സഹായകഗ്രന്ഥങ്ങൾ


1. അച്യുതൻ, എം., 1973, ചെറുകഥ ഇന്നലെ ഇന്ന്, കോട്ടയം ഡി.സി. ബുക്സ്.
2. ഒരു സംഘം ലേഖകർ, 1992, എം. സുകുമാരൻ കഥാകാലം വ്യക്തി, കൊല്ലം, ഇംപ്രിന്റ് ബുക്സ്.
3. സുകുമാരൻ, എം., 1970, പാറ, തൃശ്ശൂർ, കറന്റ് ബുക്സ്.
4. സുകുമാരൻ, എം., 1971, അഴിമുഖം, കോട്ടയം, സാഹിത്യപ്രവർത്തകസഹകരണ സംഘം.
5. സുകുമാരൻ, എം., 1979, ശേഷക്രിയ, കോട്ടയം ഡി.സി ബുക്സ്.
6. സുകുമാരൻ, എം., 1994, ജനിതകം, തൃശ്ശൂർ, കറന്റ് ബുക്സ്.
7. സുകുമാരൻ, എം., 2004, ചുവന്ന ചിഹ്നങ്ങൾ, തൃശ്ശൂർ, കറന്റ് ബുക്സ്.
8. സുകുമാരൻ, എം., 2012, എം. സുകുമാരന്റെ കഥകൾ സമ്പൂർണ്ണം, കോട്ടയം, ഡി.സി. ബുക്സ്.
9. സുനിൽ, പി. ഇളയിടം. 2009. ദമിതം: ആധുനികതാവാദത്തിന്റെ രാഷ്ട്രീയഅബോധം, തിരുവനന്തപുരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.



**മെറിൻ ജോയ്**

ഗവേഷക

ശ്രീ കേരളവർമ്മ കോളേജ്, തൃശ്ശൂർ.

marinjoy1@gmail.com